"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. ബാലസുബ്രഹ്മണ്യൻ എൻ. (മരണപ്പെട്ട) ന്റെ കോവിഡ് സംബന്ധമായ ചികിത്സയ്ക്ക് കോഴിക്കോട് ആസ്റ്റർ മിംമ്സ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2712/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 28.12.2017 -ലെ G.O.(P)No.83/2017/ H&FWD നമ്പർ ഉത്തരവ്.
3. ബാലസുബ്രഹ്മണ്യൻ.എൻ. (Late) ന്റെ 10.05.2021- ലെ അപേക്ഷയും ബില്ലുകളും.
4. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.10.2021-ലെ 28(1)-ാം നമ്പർ തീരുമാനം.
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 11.06.2024-ലെ (എൽ.ഡിസ്)എം.ആർ2-121310/2023/ആ.വ.ഡ നം. കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.02.2025—ലെ LSGD/PD/2322/2023-DEG2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ബാലസുബ്രഹ്മണ്യൻ എൻ. (മരണപ്പെട്ട) ന്റെ കോവിഡ് സംബന്ധമായ ചികിത്സയ്ക്ക് കോഴിക്കോട് ആസ്റ്റർ മിംമ്സ് ആശുപത്രിൽ ചെലവായ 7,99,751/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (5) -ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 2,72,740/- രൂപയുടെ 80% ശതമാനം ആയ 2,18,192/- രൂപ (രണ്ട് ലക്ഷത്തി പതിനെണ്ണായിരത്തി നൂറ്റിതൊണ്ണൂറ്റി രണ്ട് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം തൃക്കലങ്ങോട്

ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ബാലസുബ്രഹ്മണ്യൻ എൻ. (മരണപ്പെട്ട) ന്റെ കോവിഡ് സംബന്ധമായ ചികിത്സയ്ക്കായി 06/01/2021 മുതൽ 23/01/2021 വരെ കോഴിക്കോട് ആസ്റ്റർ മിംമ്സ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 2,72,740/- രൂപയുടെ 80% ശതമാനം ആയ 2,18,192/- രൂപ (രണ്ട് ലക്ഷത്തി പതിനെണ്ണായിരത്തി നൂറ്റിതൊണ്ണൂറ്റി രണ്ട് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
സെക്രട്ടറി, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
ശ്രീ. ബാലസുബ്രഹ്മണ്യൻ.എൻ. (മരണപ്പെട്ട), ക്ലാർക്ക്, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/115/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 07-11-2025 12:19:33